# കാലിക്കറ്റ് സർവകലാശാല
# പബ്ലിക് റിലേഷൻസ് വിഭാഗം

പത്രക്കുറിപ്പ്
2023 ജൂൺ 01 **Website : www.uoc.ac.in**

---

## അസിസ്റ്റന്റ് പ്രൊഫസർ നിയമനം

കാലിക്കറ്റ് സർവകലാശാലക്ക് കീഴിൽ തൃശൂർ അരണാട്ടുകര സ്കൂൾ ഓഫ് ഡ്രാമ ആന്റ് ഫൈൻ ആർട്സിൽ ബി.ടി.എ., എം.ടി.എ. കോഴ്സുകൾക്ക് അസി. പ്രൊഫസർമാരെ മണിക്കൂർ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. താൽപര്യമുള്ളവർ ജൂൺ 7-ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ഡ്രാമയിൽ നടക്കുന്ന വാക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. *പി.ആർ. 626/2023*

## എൻ.എസ്.എസ്. സംഘം
## താമരശ്ശേരി ചുരം ശുചീകരിക്കുന്നു

'മാലിന്യമുക്തം നവകേരളം' പരിപാടിയുടെ ഭാഗമായി കാലിക്കറ്റ് സർവകലാശാലാ നാഷണൽ സ്റ്റുഡന്റ്സ് സർവീസ് സ്കീം ജൂൺ 3-ന് താമരശ്ശേരി ചുരം ശുചീകരിക്കുന്നു. കോഴിക്കോട് ജില്ലാ എൻ.എൻ.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തുന്ന പരിപാടിയിൽ 700-ലധികം വിദ്യാർത്ഥികൾ പങ്കെടുക്കും. രാവിലെ 9 മണിക്ക് ചുരം വ്യൂ പോയിന്റിൽ തുടങ്ങുന്ന പരിപാടി ലിന്റോ ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുമെന്നും കോഴിക്കോട് കളക്ടർ എ. ഗീത മുഖ്യാതിഥിയാകുമെന്നും സർവകലാശാലാ എൻ.എസ്.എസ്. കോ-ഓഡിനേറ്റർ ഡോ. ടി.എൽ. സോണി അറിയിച്ചു. *പി.ആർ. 627/2023*

## പരീക്ഷ

സർവകലാശാലാ പഠനവിഭാഗങ്ങളിലെ നാലാം സെമസ്റ്റർ പി.ജി. ഏപ്രിൽ 2023 റുഗലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷകൾ ജൂലൈ 12-ന് തുടങ്ങും.

മൂന്നാം സെമസ്റ്റർ ബി.വോക്. ഓർഗാനിക് ഫാമിംഗ് നവംബർ 2021 റഗുലർ പരീക്ഷ ജൂൺ 19-ന് തുടങ്ങും.

നാലാം സെമസ്റ്റർ എം.എഡ്. ജൂലൈ 2023 റഗുലർ, സപ്ലിമെന്ററി പരീക്ഷകൾ ജൂൺ 23 -ന് തുടങ്ങും. *പി.ആർ. 628/2023*